## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2148 — 23-03-2012-ൽ മറുപടിക്ക്

### വിതുര 33 കെ.വി. സബ് സ്റ്റേഷനിലെ ഷിഫ്റ്റ് ഓപ്പറേറ്റർമാരുടെ ശമ്പളം

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
|---|---|
| (എ) വിതുര 33 കെ.വി. സബ് സ്റ്റേഷനിൽ ഷിഫ്റ്റ് ഓപ്പറേറ്റർമാരായി നിയമിക്കപ്പെട്ടിട്ടുള്ളവരെ എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) ഐ.ടി.ഐ അടിസ്ഥാന യോഗ്യതയും, സബ് സ്റ്റേഷനിൽ പ്രവർത്തന പരിചയവുമുള്ളവരെ ഷിഫ്റ്റ് ഓപ്പേററ്റർമാരായി വർക്ക് കോൺ ട്രാക്ട് അടിസ്ഥാനത്തിൽ സപ്ളൈ ചെയ്യുന്നതിന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ വിളിക്കുകയും, അതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയയാൾക്ക് കരാറു നല്കുകയുമാണ് ചെയ്തുവരുന്നത്. |
| (ബി) മറ്റ് സബ് സ്റ്റേഷനുകളിൽ ഐ.ടി.ഐ.ക്കാർക്ക് ഡിപ്ലോമ തലത്തിലെ ശമ്പളം നൽകുമ്പോൾ വിതുര സബ് സ്റ്റേഷനിൽ ഡിപ്ലോമ യോഗ്യതയുള്ളവർക്ക് ഐ.ടി.ഐ.ക്കാരുടെ ശമ്പളം നിശ്ചയിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) വിപുലമായ പ്രവർത്തന മേഖലയും ശേഷിയും ഉള്ള വിതുര 33.കെ.വി. സബ് സ്റ്റേഷനിൽ ഷിഫ്റ്റ് അസിസ്റ്റൻറ് എന്ന തസ്തിക ഉണ്ടോ;<br>(ഡി) ഇല്ലെങ്കിൽ ഈ തസ്തികയിൽ ആളെ നിയമിച്ച് സബ് സേറ്റഷൻെറ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വികരിക്കുമോ? | (സി) & (ഡി) ഷിഫ്റ്റ് അസിസ്റ്റൻറ്. തസ്തിക ഇല്ല. എന്നാൽ, സബ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ഷിഫ്റ്റ് ഓപ്പറേറ്ററെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.